പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3283

08-11-2019-ൽ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ അഗ്രോ സർവ്വീസ് സെന്ററുകൾ**

**ചോദ്യം**

**ശ്രീ. പുരുഷൻ കടലുണ്ടി**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ എത്ര പുതിയ അഗ്രോ സർവ്വീസ് സെന്ററുകളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; അവ ഏതൊക്കെ പഞ്ചായത്തുകളിലാണ് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ 2 പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.<br>**കാർഷിക സേവന കേന്ദ്രം** — **പഞ്ചായത്ത്**<br>തലക്കുളത്തൂർ കാർഷിക സേവന കേന്ദ്രം — തലക്കുളത്തൂർ<br>ഉണ്ണികുളം കാർഷിക സേവന കേന്ദ്രം — ഉണ്ണികുളം |
| (ബി) | അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ; | (ബി) | അഗ്രോ സർവീസ് സെന്ററുകൾ സ്ഥാപിക്കുന്നത് ബ്ലോക്ക് അടിസ്ഥാനത്തിലാണ്. കാർഷിക സേവന കേന്ദ്രങ്ങൾക്ക് വേണ്ടുന്ന ഓഫീസ് സൗകര്യങ്ങളും കാർഷിക യന്ത്ര സൂക്ഷിപ്പ് കലവറയ്ക്കു വേണ്ടുന്ന സ്ഥല സൗകര്യങ്ങളും അനുവദിച്ചു തരുന്ന ബ്ലോക്കിനാണ് സാധാരണഗതിയിൽ മുൻഗണന നൽകുന്നത്. |
| (സി) | ബാലുശ്ശേരി മണ്ഡലത്തിലെ കാവുന്തറ സർവ്വീസ് സഹകരണ ബാങ്ക് അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കുന്നതിനായി നിവേദനം സമർപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | കാവുന്തറ സർവ്വീസ് സഹകരണ ബാങ്ക് അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കുന്നതിനായി 14.01.2019 -ൽ നൽകിയ അപേക്ഷ കൃഷി വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിരുന്നു. എന്നാൽ 2018-19 -ൽ ബാലുശ്ശേരി ബ്ലോക്കിൽ ഒരു അഗ്രോ സർവ്വീസ് സെന്റർ ഉണ്ണികുളം പഞ്ചായത്തിൽ 2019 ജനുവരിക്കു മുമ്പേ തന്നെ അനുവദിച്ചിരുന്നു. ഒരു ബ്ലോക്കിൽ ഒരു അഗ്രോ സർവ്വീസ് സെന്റർ മാത്രമേ നിലവിലെ വ്യവസ്ഥ പ്രകാരം അനുവദിക്കാറുള്ളൂ. ആയതിനാൽ കാവുന്തറ സർവ്വീസ് സഹകരണ ബാങ്ക് / ഫാർമേഴ്സ് ക്ലബ്ബിന് 2019-20 വർഷത്തിലെ അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കുമ്പോൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ